**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 527** **09-08-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷാ പെൻഷനിലെ കേന്ദ്രവിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ സംസ്ഥാനത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് ആകെ 52,48,765 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'സേവന' പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2023 ഏപ്രിൽ മാസത്തെ കണക്ക് പ്രകാരം പഞ്ചായത്ത് വകുപ്പ് ശിപാർശ ചെയ്ത പരിശോധനാ നടപടിക്രമങ്ങൾ പൂർത്തീകരിച്ച 50,57,901 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.<br><br>വിവിധ ക്ഷേമനിധി ബോർഡുകളിലെ 11,60,107 ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിട്ടുണ്ട് (അവസാന മാസത്തെ പെൻഷൻ വിതരണം അടിസ്ഥാനമാക്കി).<br><br>തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന 1330 പേർക്ക് മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷനും, സാംസ്കാരിക വകുപ്പ് മുഖേന 2505 പേർക്ക് കലാകാര പെൻഷനും, 208 പേർക്ക് അവശകലാകാര പെൻഷനും നൽകുന്നുണ്ട്.<br><br>കായിക യുവജനകാര്യ വകുപ്പ് മുഖേന 1123 പേർക്ക് സർക്കസ് പെൻഷനും 102 പേർക്ക് അവശ കായികതാര പെൻഷനും, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 302 പേർക്ക് വിശ്വകർമ്മ പെൻഷനും നൽകി വരുന്നു. |
| (ബി) | സാമൂഹ്യസുരക്ഷാ പെൻഷനിലെ ഒരോ വിഭാഗത്തിലും കേന്ദ്രവിഹിതം എത്ര രൂപയാണ്; ആയത് കേന്ദ്രം നേരിട്ട് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കേന്ദ്ര സഹായം ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്രവിഹിതവും ഇപ്പോൾ സംസ്ഥാനം തന്നെയാണ് വിതരണം ചെയ്യുന്നത്. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കേണ്ടതുണ്ട്. എന്നാൽ നിരവധി തവണ ആവശ്യപ്പെട്ടിട്ടും 2021 ജനുവരി മുതലുള്ള 550 കോടിയിലധികം രൂപ കേന്ദ്രം ഇതുവരെ അനുവദിച്ചിട്ടില്ല. എങ്കിലും കേന്ദ്ര വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട തുക 2021 ജനുവരി മുതൽ 2023 ഏപ്രിൽ വരെ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും അനുവദിക്കുകയുണ്ടായി. 6,88,329 ഗുണഭോക്താക്കൾക്കാണ് കേന്ദ്ര വിഹിതം അനുവദിക്കുന്നത്. ആയതിന്റെ പെൻഷൻ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

**അനുബന്ധം** 1

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)** | **പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)** | **ആകെ (രൂപ)** |
|---|---|---|---|---|
| ഇന്ദിരാഗാന്ധി | പ്രായം 80 വയസ്സിന് | 1400 | 200 | 1600 |

| | | | | |
|---|---|---|---|---|
| ദേശീയ വാർദ്ധക്യകാല പെൻഷൻ | താഴെ | | | |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ) | 1300 | 300 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1100 | 500 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1600 | ഇല്ല | 1600 |
| | 40 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ | 1300 | 300 | 1600 |
| | 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |

**അനുബന്ധം 2**

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **ഗുണാഭോക്താക്കളുടെ എണ്ണം** | **കേന്ദ്ര വിഹിതം (രൂപയിൽ )** |
|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സ് വരെ | 362145 | 200 |
| | പ്രായം 80 വയസ്സ് മുതൽ | 87013 | 500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 18 വയസ്സു മുതൽ 79 വയസ്സ് വരെ<br><br>അംഗ പരിമിതി 80%- നു മുകളിൽ | 29935 | 300 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സു മുതൽ 79 വയസ്സ് വരെ | 209236 | 300 |

| | | | |
|---|---|---|---|
| | | | |
| (സി) | കേന്ദ്രവിഹിതം ഗുണഭോക്താക്കൾക്ക് ഏത് മാസം വരെ നൽകിയിട്ടുണ്ട് ; എത്ര പേർക്കാണ് കേന്ദ്രവിഹിതം വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ? | (സി) | ബി പിരിവിനുള്ള ഉത്തരം തന്നെ ബാധകം. |

സെക്ഷൻ ഓഫീസർ